## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സർക്കാർ കോളേജ് അദ്ധ്യാപകർ കമ്പ്യൂട്ടർ സയൻസ് വിഭാഗം -പൊതു സ്ഥലംമാറ്റം- 2018 - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ എ2/9568/2018/കോ.വി.വ. തിരുവനന്തപുരം തീയതി 27/04/2018

---

പരാമർശം: - 1) ഈ ഓഫീസിലെ 15.02.2018 തീയതിയിലെ എ1/3331/2018/കോ.വി.വ. നമ്പർ സർക്കുലർ

2) 03.04.2018 തീയതിയിലെ ഇതേ നമ്പർ കരട് സ്ഥലം മാറ്റ പട്ടിക

### ഉത്തരവ്

സർക്കാർ കോളേജികളിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗം അദ്ധ്യാപകരുടെ 2018 ലെ പൊതു സ്ഥലംമാറ്റത്തിനുള്ള കരട് പട്ടിക പരാമർശം (2) പ്രകാരം പ്രസിദ്ധീകരിക്കുകയും അതിന്മേൽ പരാതിയുണ്ടെങ്കിൽ ആയത് 20.04.2018 വൈകുന്നേരം 5.00 മണിയ്ക്ക് മുമ്പായി സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആയതനുസരിച്ച് ലഭിച്ച പരാതികളുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ചുവടെ കാണുന്ന പ്രകാരം കമ്പ്യൂട്ടർ സയൻസ് വിഭാഗം അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് 01.06.2018 പ്രാബല്യത്തോടെ സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേരും, ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലംമാറ്റി നിയമിക്കുന്ന സ്ഥാപനത്തിന്റെ പേര്. |
|---|---|---|
| 1 | ശ്രീമതി. ജോമിജോൺ<br>കെ.കെ.റ്റി.എം. സർക്കാർ കോളേജ്, പുല്ലൂറ്റ്, തൃശ്ശൂർ<br>(അപേക്ഷ) | പി.എം. സർക്കാർ കോളേജ്, ചാലക്കുടി, തൃശ്ശൂർ (ശ്രീ. സജീവ് കൃഷ്ണൻ എം.എ.യെ സ്ഥലംമാറ്റിയ ഒഴിവിൽ) |
| 2 | ശ്രീമതി. ധന്യമോഹൻ.ഒ<br>(ചിറ്റൂർ സർക്കാർ കോളേജ്)<br>(അപേക്ഷ) | കെ.കെ.റ്റി.എം. സർക്കാർ കോളേജ്, പുല്ലൂറ്റ്, തൃശ്ശൂർ<br>(ശ്രീമതി ജോമിജോണിനെ സ്ഥലം മാറ്റിയ ഒഴിവിൽ) |
| 3 | ശ്രീ. സജീവ് കൃഷ്ണൻ എം.എ<br>പി.എം. സർക്കാർ കോളേജ്, ചാലക്കുടി<br>(നിർബന്ധിത സ്ഥലംമാറ്റം) | സർക്കാർ വിക്ടോറിയ കോളേജ്, പാലക്കാട്<br>(നിലവിലെ ഒഴിവിൽ) |
| 4 | ശ്രീമതി. ബിനുമോൾ.റ്റി.വി.<br>(പി.ടി.എം.സർക്കാർ കോളേജ്, പെരിന്തൽമണ്ണ (അപേക്ഷ) | ചിറ്റൂർ സർക്കാർ കോളേജ്<br>(ശ്രീമതി. ധന്യമോഹൻ.ഒ യ്ക്ക് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ) |

0709645

സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർ, 2018 ജൂൺ ഒന്നാം തീയതി പ്രാബല്യത്തിൽ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് വിടുതൽ ചെയ്യേണ്ടതും, സ്ഥലംമാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ പ്രവേശിക്കേണ്ടതുമാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള( www.collegiateedu.kerala.gov.in) ഈ ഉത്തരവ് ഡൗൺ ലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

ഒപ്പ്/-
എം.എസ്. ജയ ഐ.എ എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-
1) ബന്ധപ്പെട്ട പ്രിൻസിപ്പാൾ/അദ്ധ്യാപകർ
2) അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, കോട്ടയം
3) കരുതൽ ഫയൽ / നടപ്പു ഫയൽ

//അംഗീകാരത്തോടെ//
സൂപ്രണ്ട്

ജയ/28/4/18

070964